## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4699 — 19/05/2017-ലെ മറുപടിയ്ക്ക്

**<u>പട്ടികജാതിക്കാരുടെ ചികിത്സാ സഹായങ്ങൾക്കുള്ള അപേക്ഷകളിൽ തീരുമാനം</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| (എ) | പട്ടികജാതിയിൽപ്പെട്ടവരുടെ ചികിത്സാ സഹായങ്ങൾക്കുള്ള നിരവധി അപേക്ഷകൾ തീരുമാനമാകാതെ വകുപ്പ് ഡയറക്ടറേറ്റിൽ നിലവിലുള്ള കാര്യം സർക്കാർ പരിശോധിക്കുമോ; | (എ) | പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇവരുടെ ക്ഷേമത്തിനായി എന്തെങ്കിലും ചികിത്സാ സഹായ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 1,00,000/-രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ബ്രെയിൻ ട്യൂമർ, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. കുടുംബത്തിലെ ഏക വരുമാനദായകൻ മരണപ്പെട്ടാൽ 50,000/- രൂപ ധനസഹായം നൽകി വരുന്നു. |
| (സി) | ചികിത്സാ സഹായത്തിനായി 2016 ജനുവരി മുതൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (സി) | ആകെ 23,663 അപേക്ഷകൾ ലഭിച്ചു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ചികിത്സാസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ എത്ര പേർക്ക് സഹായം അനുവദിച്ചു; | (ഡി) | 20626 പേർക്ക് സഹായം അനുവദിച്ചു. |

| | | | |
|---|---|---|---|
| (ഇ) | ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെടുന്നവരുടെ ചികിത്സയ്ക്കായി പ്രത്യേക പദ്ധതി തയ്യാറാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഇ) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

ജില്ല തിരിച്ചുള്ള കണക്ക് - സി ലഭ്യമായ അപേക്ഷകൾ

| ക്രമ നം | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 5428 |
| 2 | കൊല്ലം | 2351 |
| 3 | പത്തനംതിട്ട | 1533 |
| 4 | ആലപ്പുഴ | 981 |
| 5 | കോട്ടയം | 408 |
| 6 | ഇടുക്കി | 549 |
| 7 | എറണാകുളം | 2605 |
| 8 | തൃശ്ശൂർ | 4789 |
| 9 | പാലക്കാട് | 3243 |
| 10 | മലപ്പുറം | 264 |
| 11 | കോഴിക്കോട് | 785 |
| 12 | വയനാട് | 127 |
| 13 | കണ്ണൂർ | 283 |
| 14 | കാസർഗോഡ് | 317 |
| ആകെ | | 23,663/- |

S.O